# കേരള സർക്കാർ
## ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് വകുപ്പ്
### ജില്ലാ ഇൻഫർമേഷൻ ഓഫീസ്, തൃശൂർ

## പത്രക്കുറിപ്പ്
**2020 മെയ് 28 വ്യാഴം**

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>


www.prd.kerala.gov.in.
videos: http://www.clipmail.kerala.gov.in
email: diothrissur@gmail.com


<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

## പാർട്ട് – 1

## കുറുമാലിപ്പുഴയിലെ മാലിന്യങ്ങൾ നീക്കം ചെയ്യും

ജില്ലാ പഞ്ചായത്ത് ജലപ്രയാണം പദ്ധതിയുടെ ഭാഗമായി വരന്തരപ്പിള്ളി പഞ്ചായത്തിലെ കുറുമാലി പുഴയുടെ ഭാഗം മാലിന്യങ്ങൾ നീക്കം ചെയ്തു വൃത്തിയാക്കും. മഴക്കാല പൂർവ ശുചീകരണത്തിന്റെ ഭാഗമായി പുഴ നവീകരണം നടത്തും. കുറുമാലിപ്പുഴ സംരക്ഷണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട സർവകക്ഷി യോഗത്തിലാണ് തീരുമാനം. പുഴയുടെ 18 കിലോമീറ്റർ വരുന്ന ഭാഗം വരന്തരപ്പിള്ളി പഞ്ചായത്തിലൂടെയാണ് കടന്നുപോകുന്നത്. ഇവിടെ വൃത്തിയാക്കാനായി മെമ്പർമാരുടെ ചുമതലയിലുള്ള ആറ് സംഘങ്ങളെ നിയോഗിക്കും. ആറു സ്ഥലങ്ങളിലും ഒരേ സമയത്തായി നവീകരണ പ്രവർത്തനങ്ങൾ നടക്കും. അഞ്ചു ലക്ഷം രൂപ ചിലവഴിച്ചാണ് പഞ്ചായത്ത് പദ്ധതി നടപ്പിലാക്കുന്നത്. ജില്ലാ പഞ്ചായത്തിന്റെ സഹായവും ലഭിക്കും. യോഗത്തിൽ പഞ്ചായത്ത് പ്രസിഡന്റ് ജയശ്രീ കൊച്ചു ഗോവിന്ദൻ, ജില്ലാ പഞ്ചായത്ത് പൊതുമരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റി അധ്യക്ഷൻ കെ ജെ ഡിക്സൺ, പഞ്ചായത്ത് വൈസ് പ്രസിഡന്റ് സുധിനി രാജീവൻ, വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ ജിജി ജസ്റ്റിൻ, സെക്രട്ടറി എം ശാലിനി തുടങ്ങിയവർ പങ്കെടുത്തു.

## റാങ്ക്പട്ടിക റദ്ദായി

തൃശൂർ ജില്ലയിലെ വിദ്യാഭ്യാസ വകുപ്പിൽ ഹൈസ്കൂൾ അസിസ്റ്റന്റ് (അറബിക്) തസ്തികയിലേക്കായി (തസ്തികമാറ്റം വഴി) (കാറ്റഗറി നമ്പർ 263/18) 2020 ജനുവരി 20 ന് പ്രാബല്യത്തിൽ വന്ന റാങ്ക് പട്ടികയിലെ ഏക ഉദ്യോഗാർത്ഥിയെ നിയമനശിപാർശ ചെയ്തിനെ തുടർന്ന് റാങ്ക്പട്ടിക റദ്ദായതായി പിഎസ്സി ജില്ലാ ഓഫീസർ അറിയിച്ചു.

## കടപ്പുറം പഞ്ചായത്തിൽ
## കോവിഡ് 19 പ്രതിരോധ മരുന്ന് വിതരണം ചെയ്തു

കടപ്പുറം ഗ്രാമ പഞ്ചായത്ത് 11 ാം വാർഡിൽ കോവിഡ് 19 പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി ഹോമിയോ മരുന്ന് വിതരണം ചെയ്തു. അങ്കണവാടി പരിസരത്ത് നടന്ന ചടങ്ങ് വാർഡ് മെമ്പർ പി. കെ ബഷീർ ഉദ്ഘാടനം ചെയ്തു. വാർഡിലെ ഏഴ് കുടുംബശ്രീ യൂണിറ്റുകളുടെ നേതൃത്വത്തിൽ എല്ലാ വീടുകളിലും മരുന്ന് സൗജന്യമായി നൽകും. എ.ഡി.എസ് പ്രസിഡന്റ് ഷാഹിത തൂമാട്ട്, സെക്രട്ടറി സുബൈദ മനാഫ്, കുടുംബശ്രീ ഭാരവാഹികളായ സൂറത്ത് തൂമാട്ട്, ബൽക്കീസ് വല്ലങ്കി, സീന സിദ്ധീഖ്, സെക്കീന റാഫി, ഷാനി താജുദ്ധീൻ, റൈഹാനത്ത് അലി, ആരിഫ മനാഫ്, നെദീറ സെക്കീർ, ഷാജിത ഷെമീർ തുടങ്ങിയവർ പങ്കെടുത്തു.

***ഫോട്ടോ അടിക്കുറിപ്പ് : കടപ്പുറം പഞ്ചായത്തിൽ കോവിഡ് 19 പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി ഹോമിയോ മരുന്ന് വിതരണം വാർഡ് മെമ്പർ പി കെ ബഷീർ നിർവഹിക്കുന്നു***

# മാസ്കുകൾ വിതരണം ചെയ്തു

കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി അഷ്ടമിച്ചിറ സർവ്വീസ് സഹകരണ ബാങ്ക് മാസ്കുകൾ വിതരണം ചെയ്തു. ബാങ്ക് പ്രസിഡന്റ് കെ.വി. ഡേവീസ് മാസ്കുകളുടെ ആദ്യ വിതരണം നടത്തി. ബാങ്ക് പരിധിയിലെ എല്ലാ വീടുകളിലും മാസ്കുകൾ വിതരണം ചെയ്യും. ഒരാൾക്ക് രണ്ടു മാസ്കുകൾ വീതമാണ് വിതരണം ചെയ്യുക. ബ്രേക്ക് ദി ചെയിൻ ക്യാമ്പയിന്റെ നിർദ്ദേശങ്ങളടങ്ങിയ ലഘുലേഖയും മാസ്കുകളോടൊപ്പം വിതരണം ചെയ്യുന്നുണ്ട്. ബാങ്ക് ഡയറക്ടർമാരായ വി എം വത്സൻ, എം വി വേലായുധൻ, ടി കെ ശിവജി, ബാങ്ക് സെക്രട്ടറി എൻ എസ് സനൂഷ തുടങ്ങിയവർ പങ്കെടുത്തു.

***ഫോട്ടോ അടിക്കുറിപ്പ് : അഷ്ടമിച്ചിറ സർവ്വീസ് സഹകരണ ബാങ്കിന്റെ മാസ്കുകളുടെ ആദ്യ വിതരണം പ്രസിഡന്റ് കെ വി ഡേവിസ് നിർവ്വഹിക്കുന്നു***

# വീട് പണിത് നൽകി കരുതൽ;
# വയോധികയുടെ കണ്ണീരൊപ്പി ജനമൈത്രി പോലീസ്

ആരോരുമില്ലാതെ തകർന്ന വീട്ടിൽ കഴിഞ്ഞിരുന്ന വയോധികയ്ക്ക് വീട് പണിത് നൽകി കയ്പമംഗലം ജനമൈത്രി പോലീസ്. കയ്പമംഗലം കമ്പനിക്കടവ് കടപ്പുറത്ത് താമസിക്കുന്ന ഫാത്തിമയുടെ വീട് കാലപ്പഴക്കത്താൽ തകർന്ന നിലയിലായിരുന്നു. ഭർത്താവ് ചക്കാമഠത്തിൽ അബ്ദുൾ റഹ്മാൻ മരിച്ചതിന് ശേഷം നാല് വർഷമായി ഒറ്റയ്ക്കാണ് താമസം. മക്കളില്ല. വീടാണെങ്കിൽ പ്ലാസ്റ്റിക് ഷീറ്റ് കൊണ്ട് കെട്ടി മേഞ്ഞ നിലയിലും. സഹായത്തിനും ആരുമില്ല. ജനമൈത്രി പോലീസ് ബീറ്റിന്റെ ഭാഗമായുള്ള വീട് സന്ദർശനത്തിനിടെയാണ് വയോധികയായ ഫാത്തിമയുടെ വീട് ശ്രദ്ധയിൽപ്പെട്ടത്. കാര്യങ്ങൾ ചോദിച്ചറിഞ്ഞപ്പോൾ സ്വന്തമായി വീട് പണിയാൻ ഇവർക്ക് മറ്റ് മാർഗ്ഗങ്ങളില്ല എന്ന് ബോധ്യപ്പെട്ടു. കടലിനോട് ചേർന്ന് താമസിക്കുന്നതിനാൽ സർക്കാറിന്റെ ഭവന പദ്ധതികളിലും ഇടം നേടാനായില്ല. ഫാത്തിമയുടെ നിസ്സഹായവസ്ഥ കണ്ടറിഞ്ഞ പോലീസ് വീട് നിർമ്മിച്ച് നൽകാൻ തീരുമാനിക്കുകയായിരുന്നു. സി.പി.മുഹമ്മദ് മെമ്മോറിയൽ ട്രസ്റ്റിന്റെ സഹകരണത്തോടെയാണ് വീട് പണി പൂർത്തിയാക്കിയത്. 400 ചതുരശ്ര അടിയിൽ അഞ്ച് ലക്ഷം രൂപ ചിലവിട്ടാണ് വീട് നിർമ്മിച്ചത്. 2 മാസം കൊണ്ട് നിർമ്മാണം പൂർത്തിയാക്കി. നിർമ്മാണം പൂർത്തിയാക്കിയ വീടിന്റെ കൈമാറ്റം ബെന്നി ബെഹനാൻ എംപി നിർവ്വഹിച്ചു. കയ്പമംഗലം പഞ്ചായത്ത് പ്രസിഡന്റ് ടി.വി.സുരേഷ് ബാബു, കയ്പമംഗലം എസ്.ഐ കെ.എസ്.സുബിന്ത്, പഞ്ചായത്തംഗം സീന സജീവൻ, നൗഷാദ് ആറ്റുപറമ്പത്ത്, ഹിലാൽ കുരിക്കൾ എന്നിവർ പങ്കെടുത്തു.

***ഫോട്ടോ അടിക്കുറിപ്പ് :***
***1) കയ്പമംഗലം ജനമൈത്രി പോലീസ് വയോധികയായ ചക്കാമഠത്തിൽ ഫാത്തിമയ്ക്ക് പണിത് നൽകിയ വീട്***
***2) വയോധികയായ ചക്കാമഠത്തിൽ ഫാത്തിമയ്ക്ക് കയ്പമംഗലം ജനമൈത്രി പോലീസ് പണിത് നൽകിയ വീട് ബെന്നി ബെഹനാൻ എംപി കൈമാറ്റം ചെയ്യുന്നു***

# നടത്തറ ഐടിഐയിലെ
# മരങ്ങളുടെ ലേലം ജൂൺ മൂന്നിന്

പട്ടികജാതി വികസന വകുപ്പിന് കീഴിൽ ജില്ലയിൽ പ്രവർത്തിക്കുന്ന നടത്തറ ഗവൺമെന്റ് ഐടിഐയിൽ പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് അപകട ഭീഷണിയായി നിലകൊള്ളുന്ന മരങ്ങൾ മുറിച്ചു മാറ്റി ജൂൺ മൂന്നിന് രാവിലെ 11 മണിക്ക് ലേലം ചെയ്യും. രണ്ട് മഹാഗണി, ഒരു തേക്ക്, ഒരു മട്ടി മരം, ഒരു പാലമരം, 4 പുളി, 4 കശുമാവ് എന്നിങ്ങനെ 13 മരങ്ങൾ മുറിച്ച് മാറ്റുന്നതിനാണ് വകുപ്പ് ഡയറക്ടറുടെ ഉത്തരവുള്ളത്. ഇത് കോഴിക്കോട് ഉത്തരമേഖലാ ട്രെയിനിങ് ഇൻസ്പെക്ടർ നടത്തറ ഐടിഐയിൽ പരസ്യമായി ലേലം ചെയ്യും. ലേലത്തിൽ പങ്കെടുക്കുന്നവർ 10000 രൂപ നിരതദ്രവ്യം കെട്ടിവെക്കണം. ഏറ്റവും കൂടുതൽ തുകയ്ക്ക് ലേലം വിളിക്കുന്ന ആൾ

ലേലത്തുകയും ജിഎസ്ടിയും ആകെ തുകയുടെ 5 % വന വികസന നികുതിയും അടയ്ക്കേണ്ടതാണ്. ലേലം കൊണ്ട ആൾ ഐ ടി ഐയുടെ പ്രവർത്തനത്തിന് തടസ്സം വരാതെയും സ്ഥാവര ജംഗമ വസ്തുക്കൾക്ക് നാശനഷ്ടം വരുത്താതെയും ലേല തീയതി മുതൽ രണ്ടാഴ്ചയ്ക്കകം വസ്തുക്കൾ സ്വന്തം ചെലവിൽ നീക്കം ചെയ്യണം. ലേലം സ്ഥിരപ്പെടുത്തുന്നതിനുള്ള അധികാരം ലേല ഉദ്യോഗസ്ഥനിൽ നിക്ഷിപ്തമാണ്.

ലേലം സംബന്ധിച്ച് പൊതുവായ സർക്കാർ നിബന്ധനകൾ ഈ ലേലത്തിനും ബാധകമാണ്. ലേലം ഉറപ്പിച്ചു കഴിഞ്ഞാൽ മറ്റുള്ളവരുടെ നിരതദ്രവ്യം അപ്പോൾ തന്നെ തിരികെ ലഭിക്കുന്നതുമാണെന്ന് കോഴിക്കോട് ഉത്തരമേഖല ട്രെയിനിങ് ഇൻസ്പെക്ടർ അറിയിച്ചു. കൂടുതൽ വിവരങ്ങൾക്ക് എല്ലാ പ്രവൃത്തി ദിവസങ്ങളിലും നടത്തറ ഐടിഐയിലെ 04872370948 എന്ന നമ്പറിൽ വിളിക്കാവുന്നതാണ്.

## കോവിഡ് 19 നിർദ്ദേശങ്ങൾ വീടിന്റെ മതിലിൽ ആലേഖനം ചെയ്ത് കൗൺസിലർ

കോവിഡ് 19 മഹാമാരിക്കെതിരായ പ്രതിരോധത്തിന്റെ ഭാഗമായി പൊതുജനങ്ങൾക്കായുള്ള നിർദ്ദേശങ്ങളും ചിത്രങ്ങളും സന്ദേശവും വീടിന്റെ മതിലിൽ ആലേഖനം ചെയ്ത് ഗുരുവായൂർ നഗരസഭ കൗൺസിലർ ആന്റോ തോമസ്. ഗുരുവായൂർ നഗരസഭയിലെ 40 ാം വാർഡ് കൗൺസിലറാണ് ആന്റോ.

കോവിഡ് പ്രതിരോധവുമായി ബന്ധപ്പെട്ട് ആശയങ്ങൾ ആലേഖനം ചെയ്ത മതിൽ ചാവക്കാട് തഹസിൽദാർ ടി. രാജേഷ് പൊതുജനങ്ങൾക്കായി സമർപ്പിച്ചു. നാട്ടുകാർക്ക് അവബോധം നൽകുന്നതിന് വേണ്ടിയാണ് ഇത് ചെയ്തതെന്ന് കൗൺസിലർ പറഞ്ഞു. ചടങ്ങിൽ ഗുരുവായൂർ നഗരസഭ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ ഷൈലജ ദേവൻ, പ്രസ്സ് ക്ലബ് പ്രസിഡന്റ് ആർ. ജയകുമാർ, പ്രസ് ഫോറം പ്രസിഡന്റ് ലിജിത്ത് തരകൻ, കൗൺസിലർമാർ തുടങ്ങിയവർ പങ്കെടുത്തു.

***ഫോട്ടോ അടിക്കുറിപ്പ് : 1) കോവിഡ് 19 പ്രതിരോധത്തിന്റെ ഭാഗമായി വീടിന്റെ മതിലിൽ ആശയങ്ങൾ ആലേഖനം ചെയ്ത് ഗുരുവായൂർ നഗരസഭ കൗൺസിലർ ആന്റോ തോമസ്***
***2) കോവിഡ് 19 പ്രതിരോധ ആശയങ്ങൾ ആലേഖനം ചെയ്ത് ആന്റോ തോമസിന്റെ വീടിന്റെ മതിലിൽ ചാവക്കാട് തഹസിൽദാർ ടി. രാജേഷ് പൊതുജനങ്ങൾക്കായി സമർപ്പിക്കുന്നു***

## കോവിഡ് പരിശോധനയ്ക്ക് മെഡിക്കൽ കോളേജിൽ നൂതന സംവിധാനം

കോവിഡ് പരിശോധനയ്ക്കായി മെഡിക്കൽ കോളേജിൽ പുതിയ സംവിധാനം വരുന്നു. മെഡിക്കൽ കോളേജിലെ വൈറോളജി ലാബിൽ സ്ഥാപിക്കുന്ന ന്യൂക്ലിക് ആസിഡ് എക്സ്ട്രാക്ഷനിലൂടെ കൂടുതൽ പേരുടെ പരിശോധന നടത്താം. ശനിയാഴ്ച മുതൽ ഈ സംവിധാനത്തിലൂടെയുള്ള രോഗനിർണ്ണയ പരിശോധനകൾ ആരംഭിക്കും. രാവിലെ 11 ന് എംപിമാരായ രമ്യ ഹരിദാസ്, ടി എൻ പ്രതാപൻ എന്നിവർ ചേർന്ന് ഉദ്ഘാടനം ചെയ്യും.

കോവിഡ് പരിശോധനാഫലത്തിനായി ആറ് മണിക്കൂർ വേണ്ടിവരുന്നിടത്ത് ഇനി മുതൽ മൂന്ന് മണിക്കൂർ മതിയാകും. കുറഞ്ഞ സമയം കൊണ്ട് കൂടുതൽ പേർക്ക് രോഗപരിശോധന നടത്താം എന്നതാണ് ഈ സംവിധാനത്തിന്റെ പ്രത്യേകത.

രമ്യ ഹരിദാസ് എംപിയുടെ പ്രാദേശിക വികസന ഫണ്ടിൽ നിന്നും അനുവദിച്ച 40 ലക്ഷം ചെലവഴിച്ചാണ് പുതിയ പരിശോധന സംവിധാനം ഒരുക്കിയിട്ടുള്ളത്. ജർമനിയിൽ നിന്നാണ് പരിശോധനാ യന്ത്രം വാങ്ങിയത്. കോവിഡിന് പുറമെ വൈറൽ സംബന്ധമായ എല്ലാ രോഗങ്ങൾക്കും ഈ യന്ത്രത്തിലൂടെ രോഗ നിർണ്ണയം നടത്താം.

***ഫോട്ടോ അടിക്കുറിപ്പ് : കോവിഡ് പരിശോധനയ്ക്കായി ഗവ. മെഡിക്കൽ കോളേജിലെ വൈറോളജി ലാബിൽ സ്ഥാപിച്ച ന്യൂക്ലിക് ആസിഡ് എക്സ്ട്രാക്ഷൻ സിസ്റ്റം***

**തുടരും**